കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-2017


ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി2/1146/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

E-mail:doknr.ksad@kerala.gov.in
ഫോൺ: 0497-2707698
തീയ്യതി :10-08-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചെറുകുന്ന് ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | ചെറുകുന്ന് ഗ്രാമപഞ്ചായത്ത്-2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്. |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം.കെ.എസ്.എ/കെ.എൻ.ആർ/സി2/1146/2017.

തീയതി :10-08-2017.

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 17 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

.

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01-06-2017 മുതൽ 16-06-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.എം.പി. ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |

| | |
|---|---|
| ശ്രീമതി.ഷീല കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ:

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.കെ.അസ്സൻകുഞ്ഞി മാസ്റ്റർ | 01-04-2016 മുതൽ 31-03-2017 വരെ. |
| സെക്രട്ടറി | ശ്രീ. ബാലൻ. പി | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീമതി.രാഖി.കെ | 01-04-2016 | 31-03-2017 |
| 2 | വി.ഇ.ഒ | ശ്രീ.അബ്ദുൾ ഹക്കീം | 01-04-2016 | 31-03-2017 |
| 3 | വെറ്ററിനറി സർജൻ | ഡോ.ആശാബാലൻ | 01-04-2016 | 31-03-2017 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അമൂല്യ ഭാർഗവൻ | 01-04-2016 | 31-03-2017 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മുരളീമനോഹരൻ | 01-04-2016 | 10-08-2016 |
| | | ഡോ.ബേബി സുഭദ്ര | 11-08-2016 | 31-03-2017 |
| 6 | അസി. എഞ്ചിനീയർ | ശ്രീമതി.രേഖ.എം | 01-04-2016 | 31-03-2017 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണേന്ദു മോഹൻ | 01-04-2016 | 31-03-2017 |

| | | | | |
|---|---|---|---|---|
| 8 | അസി. സെക്രട്ടറി | ശ്രീ.ശാർങ്ഗധരൻ.എം | 01-04-2016 | 31-03-2017 |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. കണ്ണൻ | 01-04-2016 | 17-01-2017 |
| | | ശ്രീമതി.മിനിനാരായൺ.പി.വി | 18-01-2017 | 31-03-2017 |
| 10 | ഹെഡ് മാസ്റ്റർ | ശ്രീ.എൻ.വി.ദിനേശ്ബാബു | 01-04-2016 | 31-03-2017 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1-പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |

| | | | |
|---|---|---|---|
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ | |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണം | |
| 12 | 1-12 | ഗ്രാമസഭ | |
| 13 | 1-13 | വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം സംബന്ധിച്ച് | |
| 14 | 1- 14 | പ്രത്യേകാവശ്യത്തിന് വേണ്ടി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നില്ല | |
| ഭാഗം-2-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | 2-1 | ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല | |
| 16 | 2-2 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | |
| 17 | 2-3 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | |
| ഭാഗം-3-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | 3-1 | ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി : മരുന്നുകൾ കൃത്യമായി ലഭിക്കുന്നില്ല | |
| 19 | 3-2 | ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്ന് ടാർ വാങ്ങൽ : അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | |
| 20 | 3-3 | ഔഷധിയിൽനിന്നുമുള്ള മരുന്നു വാങ്ങൽ : മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല | |
| 21 | 3-4 | ഐ.എ.വൈ വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ- മുഴുവൻ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ് | |

| | | | |
|---|---|---|---|
| | | | |
| 22 | 3-5 | ഓട്ടോറിക്ഷ വാങ്ങൽ പദ്ധതി : ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങി രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു | |
| 23 | 3-6 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം – നിയമപരമായ പിഴ ഈടാക്കുന്നില്ല | |
| 24 | 3-7 | വൃദ്ധർക്കും വികലാംഗർക്കും ഉപകരണങ്ങൾ വാങ്ങലിലെ അപാകങ്ങൾ - 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 25 | 3-8 | പാലിയേറ്റീവ് പരിചരണം-ഭക്ഷണത്തിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല | |
| 26 | 3-9 | ശുചിത്വമിഷൻ ഫണ്ട് - വിനിയോഗ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല- 82,770/- രൂപ തടസ്സപ്പെടുത്തുന്നു | |
| 27 | 3-10 | മുൻ വർഷങ്ങളിൽ പ്രവൃത്തി തുടങ്ങി, നാളിതുവരെ പൂർത്തീകരിക്കാത്ത വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ വിവരം | |
| 28 | 3- 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | |
| 29 | 3- 12 | പാലിയേറ്റീവ് പരിചരണം- പ്രവർത്തന വിശകലനം | |

| | | | |
|---|---|---|---|
| 30 | 3-13 | വിവിധ പദ്ധതികൾക്ക് തുക നൽകൽ : വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | |
| 31 | 3-14 | ഗ്രന്ഥശാലാവരി യഥാസമയം ഒടുക്കുന്നില്ല | |
| ഭാഗം-4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 35 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 37 | 4-6 | ഓഡിറ്റ് റിക്കവറി | |
| 38 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | |
| 39 | 4-8 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 42 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 43 | അനുബന്ധം-2 | Income & Expenditure Statement | |

| | | | |
|---|---|---|---|
| 44 | അനുബന്ധം-3 | Receipt & Payment Statement | |
| 45 | അനുബന്ധം-4 | Balance Sheet | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് PR No.39/16(2) തീയതി 03-03-2016 പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 2771440 |
| വരവ് | 5,51,46,150 |
| ആകെ | 5,79,17,590 |
| ചെലവ് | 5,51,53,000 |
| നീക്കിയിരിപ്പ് | 27,64,590 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-2017 | 31-07-2017 | 30-05-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 03-06-2017 | കെ.എസ്.എ/കെ.എൻ.ആർ/ സി2/1146/2017 തീയ്യതി | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക കണക്കിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു:

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-2017 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 35,47,429.89 |
| വരവ് | 3,16,20,979 |
| ആകെ | 3,51,68,408.89 |
| ചെലവ് | 3,06,10,189 |
| നീക്കിയിരിപ്പ് | 45,58,219.89 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) ACR പ്രകാരം | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് (എ.സി.ആർ പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6165198 | 6165198 | 6165198 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2485296 | 2485296 | 2323310 | 161986 | 93.48 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 23532 | 23532 | 23532 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4409154 | 4409154 | 2618633 | 1790521 | 59.39 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 2042479 | 512276 | 79.99 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3458008 | 3458008 | 2268371 | 1189637 | 65.6 |
| ലോക ബാങ്ക് സഹായം | 0 | 1857106 | 1857106 | 1162950 | 694156 | 62.62 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 65 | 484974 | 485039 | 483904 | 1135 | 99.77 |
| ബി.ഫണ്ട് | 0 | 23470570 | 23470570 | 23470570 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 96 | 35231356 | 71 | 19252210 | 23 | 2 | 74 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.7ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3020019 | 3439648 | (+)419629 | (+)13.8 |
| നികുതിയേതര വരവുകൾ | 632771 | 286812 | (-)345959 | (-)54.6 |
| മറ്റു വരവുകൾ | 29458 | 313593 | (+)284135 | (-) |
| ആകെ | 3682248 | 4040053 | (+)357805 | (+)9.7 |

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67920 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 3084200 | 321 |
| വിധവാ പെൻഷൻ | 5386070 | 558 |
| വാർദ്ധക്യകാല പെൻഷൻ | 12488865 | 1293 |
| വികലാംഗ പെൻഷൻ | 1679905 | 168 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 731530 | 78 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 570000 | 19 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-04-2017 മുതൽ 24-04-2017വരെ | 01-01-2017 മുതൽ 28-02-2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-12-2013 മുതൽ 13-01-2014 വരെ | 2008-09 മുതൽ 2012-13 വരെ | 17-02-2014 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-06-2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് തുകയായ 10,638/- രൂപയുടെ കൃത്യത

ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം

2016-17 വർഷം ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്നത് 05/16, 07/16, 09/16, 11/16 എന്നീ മാസങ്ങളിൽ മാത്രമാണ്. യോഗങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ്/പ്രവർത്തനം എന്നിവ അവലോകനം ചെയ്യുന്നുണ്ട്. ഓഫീസ് ഓർഡർ മുഖാന്തരം ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതും ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-12 ഗ്രാമസഭ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03-08-2004-ലെ 22675/L3/99 നമ്പർ സർക്കുലർ പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭായോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽപ്പറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 2016-2017 കാലയളവിൽ ആറുതവണ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെയും ഗ്രാമസഭ മിനിട്ട്സ് പ്രകാരം 12-06-2016, 25-08-2016, 9-10-2016, 19-11-2016, 08-01-2017, 26-02-2017 എന്നീ തീയതികളിലായാണ് യോഗം ചേർന്നിട്ടുള്ളത്. ഇതു യഥാക്രമം വികേന്ദ്രീകൃതാസൂത്രണം, സോഷ്യൽ ഓഡിറ്റ് അംഗീകരിക്കൽ, 2016-17 വാർഷികപദ്ധതി രൂപീകരണം തൊഴിലുറപ്പ് ആക്ഷൻ പ്ലാൻ, ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ടുള്ള യോഗങ്ങളാണ്. ഗ്രാമസഭയിൽ ക്വാറം തികയുന്നുണ്ട്. മേൽ സർക്കുലറിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് കൃത്യമായ ഇടവേളകളിൽ ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം സംബന്ധിച്ച്.

വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1) തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ലോഗ് ബുക്കിൽ ഇത്തരം രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

2) വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച പരിശോധന മോട്ടോർ വാഹന ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിച്ചിട്ടില്ല.

3) അറ്റകുറ്റപണികളെ കുറിച്ചുള്ള വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4) റവന്യൂ വകുപ്പിന്റെ ആവശ്യത്തിന് വാഹനം ഉപയോഗിച്ചതിന് വാടക ലഭിച്ചിട്ടില്ല.

5) തദ്ദേശഭരണവകുപ്പിന്റെ 30-06-2007-ലെ ജി.ഒ(എം.എസ്)170/07-ൽ വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം സംബന്ധിച്ച നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പ്രത്യേകാവശ്യത്തിന് വേണ്ടി ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന് പ്രത്യേകാവശ്യത്തിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നില്ല. വിശദ വിവരം ചുവടെകൊടുക്കുന്നു.

| നീക്കിയിരിപ്പുള്ള തുക | തുക നീക്കിയിരിപ്പുള്ള അക്കൗണ്ട് |
|---|---|
| സെൻട്രൽ ഷെയർ (ഐ.സി.ഡി.എസ് ) ഇനത്തിലുള്ള 3,64,885/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| ഖരമാലിന്യ സംസ്കരണത്തിന് ലഭിച്ചതിൽ നീക്കിയിരിപ്പുള്ള 3,39,150/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| ശുചിത്വ മിഷനിൽ നിന്നും ലഭിച്ചതിൽ നീക്കിയിരിപ്പുള്ള 1,17,000/- രൂപ | കാനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| തൻ വർഷം എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ച 25,000/- രൂപ ഉൾപ്പെടെ 88,098/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| വെറ്റിനറി ഡിസ്പെൻസറിക്ക് കെട്ടിടം പണിയാൻ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ നീക്കിയിരിപ്പുള്ള 67,691/- രൂപ | ട്രഷറി അക്കൗണ്ട് |

| | |
|---|---|
| | |
| എം.പി. ഫണ്ടിനത്തിലുള്ള നീക്കിയിരിപ്പ് തുകയായ 2,375/- രൂപ | എസ്.ബി.ടിയിലുള്ള എം.പി. ഫണ്ട് അക്കൗണ്ട് |
| നെൽകൃഷി വികസനത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ നീക്കിയിരിപ്പുള്ള 1,25,258/- രൂപ | ട്രഷറി അക്കൗണ്ട് |
| എൻ.ആർ.ഇ.ജി.എസ്.ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയായ 1,135/- രൂപ | സിൻഡിക്കേറ്റ് ബാങ്കിലുള്ള എൻ.ആർ.ഇ.ജി.എസ്. അക്കൗണ്ട്. |
| എസ്. എസ്. എ ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയായ 2,450/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള എസ്. എസ്.എ. അക്കൗണ്ട്. |
| സാക്ഷരതാ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള 20,772.50/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള സാക്ഷരത അക്കൗണ്ട് |
| കേരളോത്സവമിനത്തിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള 582/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |
| ഭവനപുനരുദ്ധാരണമിനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിലെ നീക്കിയിരിപ്പുള്ള 6,75,000/- രൂപ | ട്രഷറി അക്കൗണ്ട് |
| ഗുണഭോക്തൃവിഹിതമിനത്തിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള 2,685/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള |

| | |
|---|---|
| | തനത് ഫണ്ട് അക്കൗണ്ട് |
| പള്ളിക്കര കുടിവെള്ള പദ്ധതിക്കായി ലഭിച്ചതിൽ നീക്കിയിരിപ്പുള്ള 8,367/- രൂപ | ചെറുകുന്ന് സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട് |

മേൽ ഗ്രാന്റ് തുകകൾ സത്വരമായി വിനിയോഗിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല

2016-17 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. തൻവർഷം ഈ ഇനത്തിൽ 39,585/- രൂപ വരവ് വന്നിട്ടുണ്ട്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ ഒരാൾ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. എന്നാൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും, റിട്ടേണുകളും പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ/തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് /സ്ഥാപനം | ഈടാക്കേണ്ട നികുതി |
|---|---|---|
| 1 | പി.പി രമേശൻ, ഓപ്പറേറ്റർ, കേരളവാട്ടർ അതോറിറ്റി, കല്യാശ്ശേരി സെന്റർ. | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | ചെറുകുന്ന് ശ്രീഅന്നപൂർണ്ണേശ്വരീ ക്ഷേത്രം ജീവനക്കാർ | 2016-17 ഒന്നാം അർദ്ധവർഷം |
| 3 | റേഷൻ കടകൾ, ജീവനക്കാർ | 2016-17 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലേത് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ/തൊഴിലാളികളിൽ നിന്നും, ഇവരുടെ നികുതിക്ക വിധേയമാകുന്ന വരുമാനം കണക്കാക്കി ഈടാക്കേണ്ടുന്ന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നായ ചെറുകുന്ന് ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്ര ജീവനക്കാരിൽ നിന്നും 2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി മാത്രമേ ഓഡിറ്റ് വർഷം ഈടാക്കിയിട്ടുള്ളൂ. ക്ഷേത്ര ജീവനക്കാരിൽ നിന്നും 2016-17 ഒന്നാം അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതുമാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

(എ) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്/സ്ഥാപനം | 2016-17 അർദ്ധവർഷം |
|---|---|---|
| 1 | വിജയ ഡെന്റൽ ക്ലിനിക്ക് | ഒന്നും രണ്ടും |
| 2 | പ്രതീക്ഷ ഇന്റർ നാഷണൽ ലോഡ്ജ് | ഒന്നും രണ്ടും |

മേൽ സ്ഥാപനങ്ങളുടെ വാർഷിക ടേൺ ഓവർ കണക്കാക്കി സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(ബി) 2016-17 വർഷം ഡി & ഒ ലൈസൻസ് എടുത്ത് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | സുജാത.കെ,<br>കുത്തൻ ഹൗസ് | ബ്യൂട്ടി പാർലർ |
| 2 | എം.പി ഭരതൻ,<br>മീത്തലെ പുരയിൽ | ഭാരതാ പോളിമേഴ്സ് |
| 3 | സി.വി. അബ്ദുൾ അസീസ്,<br>ദാറുസ്സലാം | ഫാത്തിവി മെഡിക്കൽസ് |
| 4 | ചള്ളാച്ചി പച്ച വിജയൻ | റൊട്ടി, ബിസ്കറ്റ് വിൽപന |

| | | |
|---|---|---|
| 5 | പി.കെ.സജീവൻ, ചുണ്ട | ഗ്രിൽസ് നിർമാണം |
| 6 | മുഹമ്മദ് ഹനീഫ ടി.എം.വി. കീച്ചേരി | മൊബൈൽ വില്പന & സർവ്വീസ് |
| 7 | കെ.കെ. നവീദ്, മെഹർബാദ് | അനാദി സ്റ്റോക്ക് & വിൽപന |
| 8 | അവരക്കൽ മഹമ്മൂദ്, കെ.വി. ഹൗസ് | അനാദി &സ്റ്റേഷനറി, സ്റ്റോക്ക് & വിൽപന |
| 9 | പുത്തൻപുരയിൽ ശ്രീധരൻ | ഓയിൽ &ഫ്ലവർ മിൽ |
| 10 | കെവി രാമചന്ദ്രൻ, മാച്ചിത്തോൻ ഹൗസ് | രാമചന്ദ്ര റൈസ് & ഫ്ലവർ മിൽ |
| 11 | കെ.വി പ്രദീപൻ, ചെമ്മരവയൽ | ബെസ്റ്റോ ഹെയർ ഡ്രസ്സസ് |
| 12 | വള്ളിയോട്ടു വളപ്പിൽ പ്രദീപൻ | വീവീസ് മെറ്റൽ ഇൻഡസ്ട്രീസ് |
| 13 | പി.സുജാത, സുഗേത് നിവാസ് | സുഗേത് ഫൂട്ട് വെയർ |
| 14 | ഡോ. ടി.സി.മോഹനൻ | ശാന്തി ക്ലിനിക്ക് |
| 15 | ഷൗക്കത്തലി കീറ്റുക്കണ്ടി | അൽ അമീൻ ബുക്ക്സ് & ഫാൻസി |

മേൽ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി : മരുന്നുകൾ കൃത്യമായി ലഭിക്കുന്നില്ല.

പ്രോജക്ട് നം.10/17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വൗച്ചർ നം. 21601145/30-03-2017 –70,000/- രൂപ

വൗച്ചർ നം. 21601096/30-03-2017 –30,000/- രൂപ

അടങ്കൽ 1,00,000/- രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

തൻ വർഷം സെക്രട്ടറി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി 1,00,000/- രൂപ കേരള ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി

ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് തീയതി വരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്ന് ടാർ വാങ്ങൽ : അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വൗച്ചർ നമ്പർ /തീയതി - 21600980 /14-03-2017, 4,46,067/- രൂപ

തൻ വർഷം വിവിധ മരാമത്ത് പദ്ധതികൾക്ക് ടാർ വാങ്ങുന്നതിനായി 4,46,067/- രൂപ തനത് ഫണ്ടിൽ നിന്ന് ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ആകെ 4,44,628/- രൂപയുടെ ടാർ മാത്രമാണ് ലഭിച്ചത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയ്സ് നം./തീയതി | ലഭിച്ച ടാർ | വില |
|---|---|---|
| 6300094297/15-03-2017 | 60 ബാരൽ VG 30 | 3,28,454 |
| 6300098064/24-03-2017 | 14 ബാരൽ VG 30 | 75,567 |
| 6300098065/24-03-2017 | 6 ബാരൽ RS 1 | 40,607 |
| | ആകെ | 4,44,628 |

ഈ ഇനത്തിൽ ബാക്കി ലഭിക്കുവാനുള്ള 1,439/- രൂപ തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഔഷധിയിൽ നിന്നുമുള്ള മരുന്നു വാങ്ങൽ : മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സീനിയർ മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് നം. : 36/17

ചെലവ് : 6,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

(ഡി.ഡി. നം 916746 /21-12-2016)

മേൽ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 6,00,000/- രൂപ ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ (ഔഷധി) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ താഴെ കാണിച്ച പ്രകാരം 4,28,752/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ/തീയതി | ലഭിച്ച മരുന്നുകളുടെ വില | മരുന്നുകൾ ലഭിച്ച തീയതി |
|---|---|---|
| 2069/24-12-2016 | 2,11,221 | 02-01-2017 |
| 2655/31-01-2017 | 41,921 | 22-02-2017 |
| 2783/03-02-2017 | 43,244 | 23-02-2017 |
| 3028/22-02-2017 | 86,792 | 09-03-2017 |
| 3348/15-03-2017 | 30,356 | 16-03-2017 |
| 3661/31-03-2017 | 15,218 | 24-04-2017 |
| ആകെ | 4,28,752/- | |

ബാക്കി മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ഇവ ലഭിക്കുന്നതിനു വേണ്ടി സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4/02-06-2017) മറുപടിയായി മരുന്നുകൾ എത്രയും വേഗം എത്തിക്കാമെന്ന് സ്ഥാപനത്തിൽനിന്ന് ഉറപ്പ് ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. ബാക്കി ലഭിക്കുവാനുള്ള 1,71,248/- രൂപ യുടെ മരുന്നുകൾ ലഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ. വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ: - മുഴുവൻ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. : 63/2017 ഐ.എ.വൈ. പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം (പട്ടിക ജാതി)

അടങ്കൽ : 4,00,000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 4,00,000/- (ഡി.ഡി. നം. 917391 / 01-02-17)

മേൽ പദ്ധതി പ്രകാരം ഐ.എ.വൈ. ഭവനനിർമ്മാണത്തിനുള്ള ഗ്രാമപഞ്ചായത്തിലെ 20 ഗുണഭോക്താക്കളുടെ വിഹിതമായി 4,00,000/- രൂപ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. മേൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ആരാഞ്ഞു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണ (ഓഡിറ്റ് അന്വേഷണം നം.8/ 08-06-2017)ത്തിന് മറുപടിയായി

3,25,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായി. ബാക്കിയുള്ള 75,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ അല്ലാത്തപക്ഷം തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 ഓട്ടോറിക്ഷ വാങ്ങൽ പദ്ധതി : ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങി രജിസ് ട്രേഷൻ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. : 68/2017 പട്ടിക ജാതി യുവതി/യുവാവിന് ഓട്ടോ വാങ്ങാൻ സബ്സിഡി

അടങ്കൽ :10,00,000/-
(2,00,000/- രൂപ –വികസന ഫണ്ട് (എസ്.സി.പി), 8,00,000/- രൂപ –മറ്റുള്ളവ)

ചെലവ് : 2,00,000/- (ബിൽ . നം. 8/16-17/27-03-2017)

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 4 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള സബ്സിഡിയായി 2,00,000/- രൂപ (50,000/- രൂപ വീതം) എസ്.ബി.ടി. കണ്ണപുരം ശാഖ മാനേജർക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കൾ നാളിതുവരെ ഓട്ടോറിക്ഷ വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലുള്ള 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം - നിയമപരമായ പിഴ ഈടാക്കുന്നില്ല

KPWD മാന്വലിലെ (ജിഒ(പി)13/2012/PWD/01.02.12)സെക്ഷൻ 2009.6 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതും, നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറുടമ്പടി വെക്കാവുന്നതാണ്. തുടർന്നും കരാർ വെയ്ക്കാതിരുന്നാൽ, കരാർ റദ്ദാക്കേണ്ടതും മാന്വലിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൻ വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത കാലാവധിക്കകം കരാർ ചമച്ചില്ലെങ്കിലും നിയമപരമായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പ്രവൃത്തിയുടെ പേര് | കരാറുകാരൻ | പി.എ.സി. തുക | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാറുകാരൻ കരാർ ചമച്ച തീയതി |
|---|---|---|---|---|---|
| 1 | 77/17 ഇട്ടമ്മൽ അംഗൻവാടി മെയിന്റനൻസ് | വി.സന്തോഷ് കുമാർ | 146896 | 23-12-2016 | 02-02-2017 |
| 2 | 5/17 താവം നോർത്ത് അംഗൻവാടി മെയിന്റനൻസ് | വി.സന്തോഷ് കുമാർ | 171225 | 23-12-2016 | 02-02-2017 |

കരാർ ചമയ്ക്കാൻ വീഴ്ച വന്നതിനാൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 വൃദ്ധർക്കും വികലാംഗർക്കും ഉപകരണങ്ങൾ വാങ്ങലിലെ - അപാകങ്ങൾ - 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം : S0017/17

പ്രൊജക്ടിന്റെ പേര് : വൃദ്ധർക്കും വികലാംഗർക്കും ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 2,50,000/- വികസന ഫണ്ട്

ചെലവ് തുക : 2,50,000/-

ബിൽ നം. & തീയതി : 8/16-17/24-03-2017

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷം മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 2,50,000/- രൂപ പിൻവലിച്ച് വൃദ്ധർക്കും വികലാംഗർക്കും ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ, (സ.ഉ.(എം.എസ്)നം.4/2016/ത.സ്വ.ഭ.വ, തീയതി 11-01-2016) പ്രകാരം വൃദ്ധർക്കും, വികലാംഗർക്കും ഉപകരണങ്ങൾ വാങ്ങി നൽകുന്ന സന്ദർഭത്തിൽ ഓരോ വ്യക്തിക്കും, പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരെയും

പരിശോധിച്ച് ആവശ്യമായ ഉപകരണത്തിന്റെ പേരും, സ്പെസിഫിക്കേഷനും, നിർണയിക്കാൻ ആവശ്യകതാ നിർണയ ക്യാമ്പ് നടത്തേണ്ടതുണ്ടെന്നും സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക്ക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക്ക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്തോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടതെന്നും നിഷ്കർഷിക്കുന്നുണ്ട്. താലൂക്ക്/ ജില്ലാ ആശുപത്രികളിൽ നിന്നും ഈ വിദഗ്ധരെ ലഭ്യമാകുന്നതാണ്. ഡി.ഡി.ആർ.സി, മെഡിക്കൽ കോളേജ്, സാമൂഹ്യ സുരക്ഷാമിഷൻ എന്നിവയുടെ സഹായം കൂടി ഈ ആവശ്യത്തിന് തേടാവുന്നതാണ്. ഏതെങ്കിലും ഏജൻസിയെയോ, സ്ഥാപനത്തെയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്തരുത് എന്ന് മേൽ ഉത്തരവിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്.

എന്നാൽ പ്രൊജക്ട് പ്രകാരം മെഡിക്കൽ ഓഫീസർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന ബിസിനസ് സെന്ററിനെയാണ് ആവശ്യകതാ നിർണയ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്തിയത്.

2) മേൽ ഉത്തരവ് പ്രകാരം വൃദ്ധർക്കും, വികലാംഗർക്കും ഉപകരണങ്ങൾ വാങ്ങുന്നത് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ, കെൽട്രോണിൽ നിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷനിൽ (ഹൈദരാബാദ്/കാൺപൂർ) നിന്നോ ആയിരിക്കണം എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് ക്യാമ്പ് നടത്താൻ ക്ഷണിച്ച മേൽ സ്ഥാപനത്തിൽ നിന്നു തന്നെയാണ്.

3) പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ബിസിനസ് സെന്റർ എന്ന സ്ഥാപനം മേൽ ഉത്തരവ് പ്രകാരം ആവശ്യകതാ നിർണയ ക്യാമ്പ് നടത്താൻ അർഹതയുള്ളതാണോ, ക്യാമ്പ് നടത്തി ആവശ്യമായ ഉപകരണങ്ങൾ നിർണയിച്ച് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിന്നുള്ള സ്പെഷലിസ്റ്റ് തന്നെയാണോ എന്നീ വിഷയങ്ങൾക്ക് വിശദീകരണവും, ഈ സ്ഥാപനത്തിൽ നിന്നും ഉപകരണം വാങ്ങുന്നതിന് അനുമതി ലഭ്യമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണ നം.12/12-06-2017) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, പ്രസ്തുത മറുപടി ഖണ്ഡികയിൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കാൻ പര്യാപ്തമല്ല. തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ ചെലവു തുകയായ 2,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 <u>പാലിയേറ്റീവ് പരിചരണം- ഭക്ഷണത്തിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല</u>

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015, ജി.ഒ.(ആർ.ടി.)3217/16/ത.സ്വ.ഭ.വ. തീയതി 29-10-2015, ഖണ്ഡിക 2.6.3.(3) പ്രകാരം ഹോം കെയർ ദിനങ്ങളിൽ, ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് (പരമാവധി 3 പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണച്ചലവ് (ഒരാൾക്ക് ഒരു ദിവസം പരമാവധി 60/- രൂപ) പ്രൊജക്ടിൽ വകയിരുത്താവുന്നതും പി.എം.സി.യുടെ തീരുമാനപ്രകാരം ചെലവഴിക്കാവുന്നതു മാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും, ഉത്തരവ് തീയതിയായ

29-10-2015-ന ശേഷവും, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭക്ഷണച്ചെലവിനത്തിൽ തുക കൂടുതൽ ചെലവഴിച്ചതായി കാണുന്നു. ഒരു ദിവസം പരമാവധി 3 പേർക്ക് 180/-രൂപ മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്നിരിക്കെ 4 പേർക്ക് 240/-, 250/- രൂപ എന്നീ നിരക്കുകളിൽ ചെലവഴിച്ചിട്ടുണ്ട്. ഉത്തരവ് തീയതിക്ക് ശേഷം നടത്തിയ 90 ഹോം കെയർ ദിനത്തിലേക്ക് അനുവദനീയമായ ഭക്ഷണച്ചെലവ് 16,200/- രൂപയാണ്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 22,010/- രൂപ ചെലവഴിച്ചിട്ടുണ്ട്. 5810/- രൂപ അധികം. (22,010/- - 16,200/- = 5810/-). സർക്കാർ ഉത്തരവിന് വിരുദ്ധമായി ഇപ്രകാരം ഭക്ഷണത്തിന് തുക അധികം ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിധിക്കുള്ളിൽത്തന്നെ ഭക്ഷണച്ചെലവ് ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് രേഖാ ലംഘനം ഗുരുതരമായി വീക്ഷിക്കുന്നതാണ്.

## 3-9 ശുചിത്വ മിഷൻ ഫണ്ട് - വിനിയോഗ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല- 82,770/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം.21600173/22-06-2016 – 62,600/- രൂപ

വൗച്ചർ നം.21600179/27-06-2016 – 20,170/- രൂപ

ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും 2016-17 വർഷത്തെ ശുചിത്വമിഷൻ പരിപാടിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്ന് 82,770/- രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ മൊത്തം തുകയും ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ എച്ച്.ഐ.മാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിനിയോഗ സാക്ഷ്യപത്രമാണ് ഹാജരാക്കിയത്. എന്നാൽ ഓരോ എച്ച്.ഐ.മാരും തങ്ങളുടെ അക്കൗണ്ടിലേക്ക് ലഭ്യമായ തുക നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എച്ച്.ഐ.മാരിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/12-06-2017) വിനിയോഗ രേഖകൾ അടുത്ത ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. വിനിയോഗ രേഖകളുടെ അഭാവത്തിൽ 82,770/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 മുൻ വർഷങ്ങളിൽ പ്രവൃത്തി തുടങ്ങി നാളിതുവരെ പൂർത്തീകരിക്കാത്ത- വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ.

(1) ഇ.എം.എസ്. ഭവനനിർമാണം (2009-10)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാക്കിയുള്ള തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | ആരംഭൻ നിർമ്മല, വെള്ളറങ്ങൽ | 22,500 | 52,500 | ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 2 | വി.പി.വേലായുധൻ, ഇടത്തട്ട | 22,500 | 52,500 | തറ നിർമാണംപൂർത്തീകരിച്ചു |
| 3 | കൊയിലേരിയൻ ജോസ്, കട്ടക്കളം | 22,500 | 52,500 | തറ നിർമാണം പൂർത്തീകരിച്ചു |
| 4 | തെക്കൻ ബാബു, ദാലിൽ | 52,500 | 22,500 | ചുമർ നിർമാണം പൂർത്തീകരിച്ചു |
| 5 | സി.ജെ.മാർട്ടിൻ, പള്ളിക്കര | 52,500 | 22,500 | ചുമർ നിർമാണം പൂർത്തീകരിച്ചു |
| 6 | കമല.ടി.വി., പൂങ്കാവ് | 52,500 | 22,500 | തറ നിർമാണം പൂർത്തീകരിച്ചു |
| 7 | കൊയിലേരിയൻ ജസീന്ത, പള്ളിക്കര | 52,500 | 22,500 | ചുമർ നിർമാണം പൂർത്തീകരിച്ചു |
| 8 | ശ്രീധരൻ.കെ. (SC) കോയ്യോൻ ഹൗസ്, മുട്ടിൽ | 70,000 | 30,000 | ചുമർ നിർമാണം പൂർത്തീകരിച്ചു |
| 9 | ജാനകി ഒതിയിൽ, ഒദയമ്മാടം | 67,500 | 7,500 | മേൽക്കൂര പൂർത്തിയാക്കി |

(2) ഭവന നിർമാണം- പട്ടികജാതി-(2012-13)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഇതുവരെ കൈപ്പറ്റിയ തുക | ബാക്കിയുള്ള തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | ചെല്ലരിയൻ ലളിത, താവം | 80,000 | 1,20,000 | ഫൗണ്ടേഷൻ പ്രവൃത്തി ചെയ്തു |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005-ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽ നല്കൽ, വേതന വിതരണം മുതലായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2016-17 വർഷം ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച സ്ഥിതി വിവരം ചുവടെ കൊടുക്കുന്നു.

1. വരവ് ചെലവ് കണക്കുകൾ:

| വർഷം | മുന്നിരിപ്പ് | വരവ് + പലിശ | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| 2016-17 | 65 | 4,84,974 | 4,85,039 | 4,83,904 | 1,135 | 99.77% |

2. ഭരണ ചെലവ് പരിധി ലംഘിക്കുന്നു:

| വർഷം | ആകെ ചെലവ് | യഥാർത്ഥ ഭരണചെലവ് | ഭരണചെലവ് 6% | അധികം/കുറവ് | അധികം/കുറവ്% |
|---|---|---|---|---|---|
| 2016-17 | 45,69,898 | 4,07,600 | 2,74,194 | 1,33,406 | 48.60% |

2005-ലെ കേന്ദ്ര തൊഴിലുറപ്പ് നിയമത്തിന്റെ 22(1) (സി) വകുപ്പ് പ്രകാരവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 18-03-2009-ന് പുറപ്പെടുവിച്ച സർക്കുലർ നമ്പർ J-11011/18/07, MGNREGS പ്രകാരവും ഭരണപരമായ ചെലവ് മൊത്തം ചെലവിന്റെ 6% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഭരണചെലവ് 6 ശതമാനത്തിലും കൂടുതലാണ്. ഇക്കാര്യം പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. വാർഷിക പദ്ധതി/ലേബർ ബഡ്ജറ്റ്:

| വർഷം | ലേബർ ബഡ്ജറ്റ്/വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പ്രവൃത്തികളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 2016-17 | 233 | 137 | 58.8 |

വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട്. വാർഷിക പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ 2016-17-ൽ 58.8% മാത്രമേ നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളൂ.

4. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ:

| ഇനം | 2016-17 |
|---|---|

| | |
|---|---|
| പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 3318 |
| പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 1299 |
| പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | - |
| തൊഴിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1377 |
| തൊഴിൽ കാർഡ് നൽകിയത് | 1377 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 501 |
| തുടങ്ങിയ പ്രവൃത്തികളുടെ എണ്ണം | 137 |
| പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 76 |
| തൊഴിൽ ചെയ്തവരുടെ എണ്ണം | 516 |
| തൊഴിൽ ദിനങ്ങൾ | 17142 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവരുടെ എണ്ണം | 16 |

2016-17 വർഷം തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 2016-17ൽ 16 കുടുംബങ്ങൾക്ക മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. നൂറുദിന തൊഴിൽ - പൂർണ്ണ ലക്ഷ്യം നേടിയില്ല:

| വർഷം | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | നിയമപ്രകാരം നൽകേണ്ട തൊഴിൽ ദിനങ്ങൾ | നൽകിയത് | തൊഴിൽ ദിനങ്ങൾ നൽകിയതിലെ കുറവ് |
|---|---|---|---|---|
| 2016-17 | 501 | 50100 | 17142 | 32958 |

6. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16-05-2007-ലെ 23283/ഡിസി2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

7. 2016-17-ൽ ടി പദ്ധതിക്ക വേണ്ടി അനുവദിച്ച 4,85,039/- രൂപയിൽ, ആകെ 4,83,904/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ സ്ഥിര ആസ്തികൾ ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല.

8. സർക്കുലർ നമ്പർ 71990/ഡിഡി2/2011/ത.സ്വ.ഭ.വ. തീയ്യതി 26-03-2012 പ്രകാരം അർഹരായ മുഴുവൻ എസ്. സി/എസ്.ടി. കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം. എന്നാൽ ഗ്രാമ പഞ്ചായത്തിൽ എല്ലാ എസ്.സി/എസ്.ടി കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

9. വരവ് ചെലവ് കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല:

സ.ഉ.നമ്പർ/12329/ഡി.ഡി.2/2012/ത.സ്വ.ഭ.വ. തീയതി 09-04-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധികരിച്ചിട്ടില്ല.

10. ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രം ആരംഭിച്ചിട്ടില്ല:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കുന്നതിനും ഗ്രാമ വികസന പരിപാടികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, ഗ്രാമ പ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുവാനും വേണ്ടി ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാർ 11-11-2009-ലെ എസ്.ഒ.2877(ഇ) നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ഇത്തരം സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

11. വി.ഇ.ഒ. സൈറ്റ് പൂർണമായും സന്ദർശിക്കേണ്ടത് സംബന്ധിച്ച്:

03.02.2008-ലെ 27809/MGNREGS CELL/2007/CRD നമ്പർ സർക്കുലർ പ്രകാരം വി.ഇ.ഒ. 100% സൈറ്റും നിർബന്ധമായും സന്ദർശിക്കണമെന്ന നിബന്ധന പഞ്ചായത്തിൽ പാലിക്കുന്നുണ്ട്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പാലിയേറ്റീവ് പരിചരണം - പ്രവർത്തന വിശകലനം

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ആകെ 183 അവശരായ രോഗികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിൽ 95 പേർ സ്ത്രീകളാണ്. പട്ടിക ജാതിയിൽപ്പെട്ട 11 പേരുണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ആരുമില്ല. ഈ കാലയളവിൽ ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചുകൊണ്ടിരുന്ന 29 രോഗികൾ മരണപ്പെട്ടിട്ടുണ്ട്.

ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന വിവിധ തരം പ്രശ്നങ്ങൾ ലഘൂകരിക്കാൻ സാമൂഹ്യ സംഘടനകൾ, മറ്റു സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹായങ്ങൾ ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സാമ്പത്തിക സഹായങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

ഹോം കെയർ പരിചരണം നടത്തുന്ന അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ നേഴ്സിനും, വളണ്ടിയർമാർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

പഞ്ചായത്തുതലത്തിൽ ഹോം കെയർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ആശ്രയ കുടുംബത്തിലെ രോഗികളിൽ പരിചരണം ആവശ്യമായവർ മുഴുവനായും പാലിയേറ്റീവ് പരിചരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഹോം കെയർ ടീം ഒരു ദിവസം 8 രോഗികളെ വീതം സന്ദർശിച്ച് വരുന്നുണ്ട്.

രോഗികൾക്കാവശ്യമായ വാട്ടർ ബെഡ്, വീൽചെയർ മുതലായ അത്യാവശ്യ ഉപകരണങ്ങൾ സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും സൗജന്യമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. 2016-17 വർഷം ഈ രീതിയിൽ ഉപകരണങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. പഞ്ചായത്ത് ഒരു വീൽചെയർ, രണ്ട് എയർബെഡ്, രണ്ട് വാക്കർ, ഒരു വാക്കിംഗ് സ്റ്റിക്ക് എന്നിവ പാലിയേറ്റീവ് പരിചരണം നടത്തുന്നതിലേക്കായി വാങ്ങി നൽകിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട 62 പേർക്ക് മാത്രമാണ് പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നത്. മുഴുവൻ പേർക്കും സാമൂഹ്യസുരക്ഷ പെൻഷൻ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ വെച്ച് മാസം തോറും അവലോകന യോഗങ്ങൾ നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം കേവലം 4 പ്രാവശ്യം മാത്രമാണ് അവലോകന യോഗങ്ങൾ ചേർന്നത്.

ഹോം കെയർ സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പ്രാദേശികമായി വിഹിതം സമാഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ നിലവിൽ ആകെ ഒരു ഹോം കെയർ ടീം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഓഡിറ്റ് വർഷം ആകെ നാലു സന്നദ്ധപ്രവർത്തകർ മാത്രമാണ് ഹോം കെയർ ടീമിൽ ചേർന്നിട്ടുള്ളത്.

ഹോം കെയർ ടീമിന്റെ യാത്രാ ചെലവിന് 2016-17 വർഷം 1,41,400/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2016-17 വർഷം മരുന്നുകൾ വാങ്ങിക്കുന്നതിനു വേണ്ടി 60,967/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ.(എം.എസ്.)228/2012/ത.സ്വ.ഭ.വ. തീയതി 23-08-2 പ്രകാരമുള്ള മാർഗ്ഗരേഖയിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി പാലിയേറ്റ പരിചരണ പദ്ധതി നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വിവിധ പദ്ധതികൾക്ക് തുക നൽകൽ : വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

തൻ വർഷം സെക്രട്ടറി മുഖാന്തിരം നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം/വൗച്ചർ നം. | പ്രോജക്ടിന്റെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക |
|---|---|---|---|
| 51/17<br>21600624/23-11-16 | സ്ട്രീറ്റ് ലൈൻ വലിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ചെറുകുന്ന്. | 24080 |
| 51/17<br>21600804/31-01-17 | സ്ട്രീറ്റ് ലൈൻ വലിക്കൽ | അസിസ്റ്റന്റ്എഞ്ചിനീയർ, KSEB, ചെറുകുന്ന് | 212640 |
| 76/17<br>21600624/23-11-16 | എ.ബി.സി. പദ്ധതിക്ക് തുക നൽകൽ | സെക്രട്ടറി, കണ്ണൂർജില്ലാ പഞ്ചായത്ത് | 100000 |
| 21600317/05-08-16 | കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭവനിൽ നിർമ്മിക്കുന്ന മുറികൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം | കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ | 7000 |
| 104/17<br>21601020/20-03-17 | സാമൂഹ്യസുരക്ഷ മിഷന് തുക നൽകൽ | എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യസുരക്ഷ മിഷൻ | 107572 |

മേൽ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-14 ഗ്രന്ഥശാലാവരി സമയബന്ധിതമായി ഒടുക്കുന്നില്ല

2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഗ്രന്ഥശാലാവരിയിനത്തിൽ 97334.93/- രൂപ (മുൻവർഷത്തേത് ഉൾപ്പെടെ) ഒടുക്കുവാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 10088/എൽ3 /05/ത.സ്വ.ഭ.വ/ 20-09-2015 പ്രകാരം എപ്രിൽ 30-നകം ഒന്നാം ഗഡുവും രണ്ടാമത്തെ ഗഡു നവംബർ 30-നകവും ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഈയിനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല. ഗ്രന്ഥശാലാവരി സമയബന്ധിതമായി ഒടുക്കുവാൻ വേണ്ട

നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | 2016-17-ൽ ലഭിച്ച തുക | ലഭിച്ച ആകെ തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 125258 | 300000 | 425258 | നെൽകൃഷി വികസനം | 300000 | 125258 |
| ബ്ലോക്ക് പഞ്ചായത്ത് | 8367 | 0 | 8367 | പള്ളിക്കര കുടിവെള്ള പദ്ധതി | 0 | 8367 |
| സെൻട്രൽ ഷെയർ (ഐ.സി.ഡി.എസ്) | 217399 | 623486 | 840885 | അംഗൻവാടി പോഷകാഹാരം | 476000 | 364885 |
| ബ്ലോക്ക് പഞ്ചായത്ത് | 67691 | 0 | 67691 | മൃഗാശുപത്രി കെട്ടിട നിർമ്മാണം | 0 | 67691 |
| ബ്ലോക്ക് പഞ്ചായത്ത് | 675000 | 0 | 675000 | ഭവന പുനരുദ്ധാരണം | 0 | 675000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോജക്ട് നം. 51/17) | 21600624/23-11-16 | 24080 | 24080 | - |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോജക്ട് നം. 97/17) | 21600804/31-01-17 | 212640 | 212640 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങൾ ഇല്ല. എന്നാൽ ഗ്രാമപഞ്ചായത്തിന് ഷെയർ സർട്ടിഫിക്കറ്റ് ഇനത്തിൽ 30,000/- രൂപയുടെ നിക്ഷേപമുണ്ട്. വിശദ വിവരം ചുവടെകൊടുക്കുന്നു.

1. മലബാർ ടൂറിസം ഡവലപ്പമെന്റ് കോപ്പറേറ്റീവ് ലിമിറ്റഡിന്റെ ഷെയർ സർട്ടിഫിക്കറ്റ് നം.197/18-10-2014 പ്രകാരം 20,000/- രൂപയുടെ ബി ക്ലാസ് ഷെയർ.

2. കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ്, പരിയാരം - ഷെയർ സർട്ടിഫിക്കറ്റ് നം.2621/ 09-09-2008 പ്രകാരം 5,000/- രൂപയുടെ ഷെയർ.

3. കേരള കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡിന്റെ (എ.കെ.ജി.ഹോസ്പിറ്റൽ) 42/14-07-2015 പ്രകാരം 5000/- രൂപയുടെ ഡി ക്ലാസ് ഷെയർ.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 ൽ ലഭിച്ച 47,457/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2006-07 | 3-1 | 29,860 | ത്രേസ്യ ബർണാഡ് | 11604101329/03-08-2016 |
| 2 | 2007-08 | 3-6 | 15,000 | സലോമി ഷാജി | 11604101587/30-08-2016 |
| 3 | 2015-16 | 3-8 | 2597 | അയൂബ്.സി.പി | 11604104472/15-02-2017 |
| ആകെ | | | 47457 | | |

## 4-7 ചാർജ്ജ്-സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം:

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31620979 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30610189 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 532770 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക:

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 200000 | ശ്രീ.ശാർങ്ഗധരൻ.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 250000 | ഡോ.അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-9 | 82770 | ഡോ.അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 532770 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | നം.എൽഎഫ്/കെഎൻ ആർ/സി7/1553/ 14(2) തീയതി : 06.12.2014 | 1 |
| 2006-07 | നം.എൽഎഫ്/കെഎൻആർ/സി7/1553/ 14(3) തീയതി : 06.12.2014 | 1 |
| 2007-08 | നം.എൽഎഫ്/കെഎൻആർ/സി7/1553/14 (4) തീയതി: 06.12.2014 | 7 |
| 2008-09 | നം.എൽഎഫ്/കെഎൻആർ/സി7/1553/ 14(5) തീയതി: 06.12.2014 | 3 |
| 2009-10 | നം.എൽഎഫ്/കെഎൻആർ/സി7/1553/ 14(6) തീയതി: 06.12.2014 | 3 |
| 2010-11 | നം.എൽഎഫ്/കെഎൻആർ/സി7/1553/ 14(7) തീയതി: 06.12.2014 | 4 |
| 2011-12, 2012-13 | നം.എൽ.എഫ്/കെ.എൻ.ആർ/സി7/245/ 14 തീയതി : 04.02.2016 | 7 |
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ /സി7/445/ 2016 തിയ്യതി :13.04.2016 | 4 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ /സി7/1968/ 16 തീയതിഃ 04-01-2017. | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

## അനുബന്ധം-1

# Audit Certificate

No.KSA/KNR/C2/1146/2017.

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497 2707698
e-Mail:doknr.ksad@kerala.gov.in

Dated: 10-08-2017.

Certified that I have audited the annual Financial Statement of Cherukunnu Grama Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Cherukunnu Grama Panchayat for the year 2016-17 except the observation in my audit report properly presents the picture of income and expenditure.

Deputy Director.
District Audit Office, Kannur.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/കെ.എൻ.ആർ/സി2/1146/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.
ഫോൺ:0497 2707698.
ഇ-മെയിൽ:doknr.ksad@kerala.gov.in
തീയ്യതി: 10-08-2017.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക, അതിന്റെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

## <u>അനുബന്ധം-2</u>

# INCOME AND EXPENDITURE STATEMENT OF CHERUKUNNU GRAMA PANCHAYAT FOR THE PERIOD FROM 01-04-2016 TO 31-03-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3414512 |
| 130000000 | Rental Income from panchayat properties | I-3 | 11250 |
| 140000000 | Fees & User Charges | I-4(b) | 1513990 |
| 150000000 | Sale & Hire Charges | I-5(b) | 178180 |
| 151000000 | Receipts transferred institutions | I-5(a) | --- |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 49237559 |
| 171000000 | Interest Earned | I-8 | 96272 |
| 180000000 | Other Income | I-9 | 9650 |
| A | Total Income | | 54461413 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7455386 |
| 220000000 | Administrative Expenses | I-11(b) | 857211 |
| 230000000 | Operations & Maintenance | I-12(b) | 864678 |
| 240000000 | Interest & Finance Charges | I-13 | 146 |
| 250000000 | Decentralised Plan Programme Productive Sector | I-14 | 5531942 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 10380017 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 375033 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 956532 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 24109880 |
| 255000000 | Maintance Projects | I-14(e) | 2410812 |
| 270000000 | Provisions and Write off | I-16 | --- |
| 272000000 | Depreciation | I-17(a) | 1275339 |
| B | Total Expenditure | | 54216976 |
| C=A-B | Gross Surplus / Defict Income over Expenditure | | 244437 |
| D= 280000000 | Prior Period Item | I-18 | 496060 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -251623 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-3

# RECEIPT AND PAYMENT STATEMENT OF CHERUKUNNU GRAMA PANCHAYATH FOR THE

# PERIOD FROM 01-04-2016 TO 31-03-2017

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 3547429.89 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 899886 |
| 140000000 | Fees & User Charges | RP-4 | 1402835 |
| 150000000 | Sale & Hire Charges | RP-5 | 178180 |
| 151000000 | Receipts from Transferred institutions | RP-6 | |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6406228 |
| 171000000 | Interest Earned | RP-9 | 96272 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18482211 |
| 350000000 | Other Liabilities | RP-36 | 221040 |
| | | | |
| 311000000 | Earmarked Funds | RP-29 | 55749 |
| 340000000 | Deposits Received | RP-34 | 57775 |
| 350000000 | Other Liabilities | RP-36 | 116436 |
| 431000000 | Sundry Debtors (Receivables) | RP-43 | 2428167 |
| 460000000 | Loans,Advances and Deposits | RP-47 | 1269500 |
| Grand Total | | | 35168408.89 |
| | Payments | | |

| | | | |
|---|---|---|---|
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2261113 |
| 220000000 | Administrative Expenses | RP-12 | 857211 |
| 230000000 | Operations & Maintenance | RP-13 | 864678 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2503299 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 8382342 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 175033 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 956532 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 739310 |
| 255000000 | Maintance Projects | RP-20 | 2410812 |
| 256000000 | Prior periodItem | RP-26 | 25584 |
| 260000000 | Grants,Funds&Contributions for Specific purposes | RP-31 | 27486 |
| 280000000 | Prior Perid Items | RP-36 | 4041314 |
| Non Operating | | | |
| 280000000 | Prior Period Item | RP-26 | 2500 |
| 330000000 | Secured Loans | RP-29 | 52500 |
| 340000000 | Deposits Received | RP-34 | 231634 |
| 350000000 | Other Liabilities | RP-36 | 1395761 |
| 410000000 | Fixed Assets | RP-38 | 3668516 |
| 412000000 | Capital Work in Progress | RP-40 | 429672 |
| 460000000 | Loans, Advances and Deposits | RP-47 | 1589746 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 4558219.89 |
| Grand Total | | | 35168408.89 |

## അനുബന്ധം-4

# BALANCE SHEET OF CHERUKUNNU GRAMA

# PANCHAYATH AS ON 31-03-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3414512 |
| 130000000 | Rental Income from panchayat properties | I-3 | 11250 |
| 140000000 | Fees & User Charges | I-4(b) | 1513990 |
| 150000000 | Sale & Hire Charges | I-5(b) | 178180 |
| 151000000 | Receipts transferred institutions | I-5(a) | --- |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 49237559 |
| 171000000 | Interest Earned | I-8 | 96272 |
| 180000000 | Other Income | I-9 | 9650 |
| A | Total Income | | 54461413 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7455386 |
| 220000000 | Administrative Expenses | I-11(b) | 857211 |
| 230000000 | Operations & Maintenance | I-12(b) | 864678 |
| 240000000 | Interest & Finance Charges | I-13 | 146 |
| 250000000 | Decentralised Plan Programme Productive Sector | I-14 | 5531942 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 10380017 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 375033 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 956532 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 24109880 |
| 255000000 | Maintance Projects | I-14(e) | 2410812 |
| 270000000 | Provisions and Write off | I-16 | --- |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 1275339 |
| B | Total Expenditure | | 54216976 |
| C=A-B | Gross Surplus / Defict Income over Expenditure | | 244437 |
| D= 280000000 | Prior Period Item | I-18 | 496060 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -251623 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |